ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവുകൾക്കെതിരെ, മാനേജ്മെന്റുകൾ കോടതിയെ സമീപിക്കുകയും, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷനെ ഫീസ് ഘടന നിശ്ചയിക്കുന്നതിനായി, സർക്കാർ നിയമിച്ചു. കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച ഫീസ് നൽകാൻ തയ്യാറാകാത്ത വിദ്യാർത്ഥികളെയാണ് മാനേജ്മെന്റുകൾ പുറത്താക്കിയത്. എന്നാൽ ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ വിധിക്ക് വിധേയമായി മാത്രമേ സർക്കാരിന് ഒരു അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ്ടു വിദ്യാർത്ഥികൾക്കായി എൻ. സി. സി. ബാച്ച് തുടങ്ങാൻ നടപടി

14 [*263] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകളിൽനിന്ന് പ്രീഡിഗ്രി വേർപെടുത്തി പ്ലസ്ടു കോഴ്സ് ആരംഭിക്കുകവഴി എൻ. സി. സി.-യിൽ ചേരാനുള്ള പ്ലസ്ടു വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യുവാക്കളിൽ ദേശീയ ബോധവും അച്ചടക്കവും ധീരതയും ഉയർത്തുക എന്ന ലക്ഷ്യം പരിഗണിച്ച് സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ് പ്ലസ്ടു സ്കൂളുകളിലും പ്ലസ്ടു വിദ്യാർത്ഥികൾക്കായി എൻ. സി. സി. തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. 29-1-2005-ലെ ജി. ഒ. (ആർ. റ്റി.) നമ്പർ 414/2005/പൊ. വി. വ. എന്ന ഉത്തരവുപ്രകാരം സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളിലും എൻ. സി. സി. യൂണിറ്റുകൾ തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

യൂണിവേഴ്സിറ്റി യൂണിയനുകളിലേക്കും, കോളേജ് യൂണിയനുകളിലേക്കും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്താൻ നിയമനിർമ്മാണം

15 [*264] ശ്രീ. എം. വി. ജയരാജൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാലയങ്ങളിലെ തെരഞ്ഞെടുപ്പുകൾ ജനാധിപത്യ അടിസ്ഥാനത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly